# 14- ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1075** — 06.06.2018 ലെ മറുപടി

## അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എസ്. ശബരിനാഥൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.എസ്. ശിവകുമാർ | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അരുവിക്കരയിൽ സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നോ; | (എ) എടുത്തിരുന്നു. |
| (ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്ലാന്റിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചു; | (ബി) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95% ത്തോളം പൂർത്തിയായിക്കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് വെള്ളം നിറയ്ക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തി കഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും/ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി കിട്ടുന്ന മുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങുവാൻ കഴിയുന്നതാണ്. ഈ പ്ലാന്റിനായി 5.62 കോടി രൂപ ഇതിനകം ചിലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ജല അതോറിറ്റി ജല ശുദ്ധീകരണം, കടിവെള്ളവിതരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതിയെന്നും കുപ്പിവെള്ള വിപണിയിൽ ഇറങ്ങേണ്ടതില്ലായെന്നുമുള്ള നിർദ്ദേശം ജലവിഭവ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കാമോ; | (സി) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള വിപണിയിൽ ഇറങ്ങേണ്ടതില്ലയെന്ന് സർക്കാർ തലത്തിൽ തീരുമാനം എടുത്ത നിർദ്ദേശം നൽകിയിട്ടില്ല; അത്തരത്തിൽ വ്യാഖ്യാനിക്കപ്പെടാൻ പഴുതുള്ളതായ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 07/04/18 - ലെ കത്ത് പിൻവലിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് പുറത്ത് വന്നതിന് പിന്നാലെ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറെ മാറ്റിയത് സർക്കാരിന്റെ കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുവാനും സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുവാനുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുന്നതാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിലപാട് എന്നതിനാൽ തീരുമാനം പുന:പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (ഇ) (ബി) പിരിവിന്റെ മറുപടി കണ്ടാലും, പുനഃപരിശോധനക്കു വിധേയമാക്കേണ്ട ഒരു തീരുമാനം സർക്കാർ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**